ഇവ മഴയത്ത് മഴവെള്ളത്തോടൊപ്പം ഒലിച്ച് സമീപത്തുള്ള തോടുകളിൽ എത്തുന്നതിലും, ഫാക്ടറിയിൽ ശേഖരിച്ചിരിക്കുന്ന ചപ്പുചവറിൽ നിന്ന് ഒലിച്ചിറങ്ങുന്ന മലിനജലം ശേഖരിച്ച് പുനരുപയോഗിക്കാനായി സ്ഥാപിച്ച പമ്പ് പ്രവർത്തനക്ഷമമല്ലായെന്നും, ചപ്പുചവറിന്മേൽ ഈച്ച പെരുകുന്നതായും അവ തിന്നാൻ വരുന്ന പക്ഷികളുടെ ശല്യം കുറയ്ക്കാൻ വലകൾ, സ്ഥാപിച്ചിരിക്കുന്നതിലെ പാക പിഴവുകൾ നിമിത്തം, കാര്യക്ഷമമല്ല എന്നും, ടയർ, പ്ലാസ്റ്റിക് മുതലായ ചപ്പുചവറുകൾ ഫാക്ടറിക്ക് പുറത്ത് തുറസ്സായസ്ഥലത്ത് ശേഖരിച്ചിരുന്നതായും പെയ്തൊഴുകുന്ന മഴവെള്ളം അവയിൽക്കൂടി പുറത്തേയ്ക്ക് ഒഴുകി തോട്ടിലെത്താനിടയുള്ളതായും, ഫാക്ടറിയിൽ ജനറേറ്റർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം അനുവദനീയമായ പരിധിയിൽ കൂടുതലാണെന്നും കാണുകയുണ്ടായി.

(സി) ഫാക്ടറിയുടെ പ്രവർത്തനം പരിസ്ഥിതി മലിനീകരണം ഉണ്ടാകാത്തവിധം മെച്ചപ്പെടുത്താൻ വേണ്ട നിർദ്ദേശം സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് നൽകിയിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കൃാൻസർ നിർമ്മാർജ്ജന പരിപാടി

23 (*171) ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കൃാൻസർ രോഗികൾ ഉണ്ട് ;

(ബി) പ്രതിവർഷം ഇവരുടെ എണ്ണത്തിൽ എന്തു വർദ്ധനവ് ഉണ്ടാകുന്നുണ്ട് ;

(സി) കൃാൻസർ ചികിത്സയ്ക്ക് ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങൾ നിലവിലുണ്ട് ;

(ഡി) സംസ്ഥാനത്ത് ഒരു കൃാൻസർ നിർമ്മാർജ്ജന പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉദ്ദേശം 32000 കൃാൻസർ രോഗികളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്.

(ബി) വർഷംതോറും രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് വരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല.

(സി) സർജറി, റേഡിയോതെറാപ്പി, കീമോതെറാപ്പി, ഹോർമോൺ തെറാപ്പി എന്നിവയാണ് പ്രധാന ചികിത്സകൾ.

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റീജിയണൽ ക്യാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 1988-ൽ ഒരു ക്യാൻസർ നിയന്ത്രണ പദ്ധതി മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കി. 1998-ൽ ആ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്താകെ ക്യാൻസറിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ, പുകയില നിർമ്മാർജ്ജന പരിപാടികൾ, നേരത്തേയുള്ള രോഗനിർണ്ണയത്തിനുള്ള ബോധവൽക്കരണം എന്നിവ നടപ്പിലാക്കി വരുന്നു. കൊല്ലം, പത്തനംതിട്ട, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ പ്രാരംഭ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ നടപ്പാക്കുകയുണ്ടായി. ഈ പരിപാടിയുടെ ഫലമായി രോഗം മൂർദ്ധന്യദിശയിൽ വരുന്ന രോഗികളുടെ എണ്ണം 50 ശതമാനമായി ചുരുങ്ങി സാന്ത്വന ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ തിരുവനന്തപുരത്തും കോഴിക്കോടും ഉണ്ടായതിനു പുറമെ, അവയുടെ നേതൃത്വത്തിൽ ഗ്രാമതലത്തിൽ ഏകദേശം 40-ഓളം സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. മോർഫിന്റെ ലഭ്യത 25 കിലോഗ്രാമായി വർദ്ധിച്ചു.

അന്തർദേശീയ വിനോദസഞ്ചാരമേള

24 (*172) ശ്രീ. എൻ. അനിരുദ്ധൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അന്തർദേശീയ വിനോദസഞ്ചാരമേള സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം വിനോദ സഞ്ചാര വികസനത്തിൽ കേരളത്തിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കുവാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) "കേരള ട്രാവൽ മാർട്ട് 2000" സംഘടിപ്പിക്കുന്നതിന് മൊത്തം എത്ര തുക ചെലവഴിച്ചു ;

(ഡി) ഇതിൽ ഗവൺമെന്റ് വിഹിതം എത്ര ; സ്വകാര്യമേഖലയിലെ വിഹിതം എത്ര ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്. കേരള ട്രാവൽ മാർട്ട് എന്ന പേരിൽ 2000 ഒക്ടോബർ 3 മുതൽ 7 വരെയാണ് ഈ അന്തർദേശീയ മേള കൊച്ചിയിൽ നടത്തിയത്.

(ബി) ലോകത്തെമ്പാടുമുള്ള 23-ഓളം രാജ്യങ്ങളിൽ നിന്നായി 300-ൽപ്പരം ടൂർ ഓപ്പറേറ്റർമാരാണ് കേരളത്തിന്റെ ക്ഷണം സ്വീകരിച്ച് ഈ മേളയിൽ പങ്കെടുത്തത്. കേരള ടൂറിസം രംഗത്തെ പ്രധാന സ്വകാര്യ സംരംഭകരിൽ ഭൂരിഭാഗവും മാർട്ടിൽ പങ്കെടുത്തു. നേരിട്ടുള്ള ബിസിനസ് നടന്നതുകൂടാതെ ഈ സ്വകാര്യസംരംഭകരിൽ ഏറിയപങ്കും ടൂർ ഓപ്പറേറ്റർമാരുമായി ബന്ധം സ്ഥാപിക്കുകയും ദീർഘകാല കരാറുകൾ ഒപ്പു വയ്ക്കുകയും ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി

LIBRARY ARCHIVES Kerala Legislative Assembly